LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളുടെ അംഗീകാരം

67 (1143) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ 2011 മുതലുള്ള അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കാത്തതുമൂലം അദ്ധ്യാപകരടക്കമുള്ള ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനം അംഗീകരിക്കുന്നതിനും മറ്റ് സർവ്വീസ് സംബന്ധമായ കാര്യങ്ങൾ സാധിച്ച് കിട്ടുന്നതിനും കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് നിയമനാംഗീകാരം ലഭിക്കാത്ത എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് നിയമനാംഗീകാരം ലഭ്യമാക്കുന്നതിനും, തസ്തിക നിർണ്ണയവും സംരക്ഷണവും ഉറപ്പാക്കുന്നതിനും പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 6-8-2015-ൽ G.O(P)213/2015 നമ്പർ ഉത്തരവു പുറപ്പെടുവിച്ചുവെങ്കിലും ടി ഉത്തരവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. സർക്കാർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. ഹൈക്കോടതിയുടെ അന്തിമവിധിക്കു വിധേയമായി മാത്രമേ സർക്കാരിന് നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

എയ്ഡഡ് വിദ്യാലയങ്ങളിലെ തസ്തികകൾ

68 (1144) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ വിവിധ മേഖലകളിൽ എത്ര വിദ്യാലയങ്ങളെ എയ്ഡഡാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്ന് അറിയിക്കുമോ ; ഇതിനായുണ്ടായ അധികബാധ്യത എത്രയാണ് ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.